17-11-2015 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 3371/15/തസ്വഭവ. പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പ് അനുബന്ധം (I), (II) ആയി ചേർത്തിരിക്കുന്നു.)*

ഗ്ലാസ് നിർമ്മിത മദ്യക്കുപ്പികൾ

107 (1481) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഗ്ലാസ് നിർമ്മിത മദ്യക്കുപ്പികൾ റോഡുവക്കുകളിലും പൊതുസ്ഥലങ്ങളിലും നിറഞ്ഞുകിടന്ന് പൊട്ടി കാൽനടക്കാർക്ക് അപകടം വരുത്തുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇവ ശേഖരിച്ച് മാറ്റാനുള്ള ഉത്തരവാദിത്തം, നിലവിലെ നിയമമനുസരിച്ച് അതത് മദ്യക്കമ്പനികൾക്കോ, മദ്യവിതരണ കമ്പനികൾക്കോ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ആ നിയമം നടപ്പാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പ്ലാസ്റ്റിക് മാലിന്യ സംസ്കരണം

108 (1482) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ് അന്താരാഷ്ട്ര തലത്തിൽ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് പരിഹാരം തേടി നടത്തിയ മത്സരത്തിൽ സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നാം സമ്മാനാർഹമായ പ്രോജക്ടിൽ അവതരിപ്പിക്കപ്പെട്ട സാങ്കേതിക വിദ്യയുടെ പ്രായോഗികതയും, പ്രവർത്തനച്ചെലവും സംബന്ധിച്ച കാര്യങ്ങൾ പഠന വിധേയമാക്കി, സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് ഉപയുക്തമാണോ എന്ന് പരിശോധിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ;

(സി) പരിശോധനാഫലം ആശാവഹമെങ്കിൽ പ്രസ്തുത സാങ്കേതിക വിദ്യ പ്രായോഗികമാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സമ്മാനാർഹമായ പ്രോജക്ട് പൈറോലിസിസ് അല്ലെങ്കിൽ കാറ്റലിറ്റിക് ഡിഗ്രഡേ ജനറേഷൻ പ്രക്രിയയിലൂടെ പ്ലാസ്റ്റിക് മാലിന്യം ഫ്യൂവൽ ഗ്യാസായും, ക്രൂഡ് ഓയിലായും, കാർബൺ റെസിഡ്യും ആയും മാറ്റുന്ന പ്രക്രിയയാണ് അവതരിപ്പിച്ചത്. തിരുവനന്തപുരം മാർ ബസേലിയസ് എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച പദ്ധതിയുടെ പ്രായോഗിക പരിശോധന വിധേയമാക്കിയശേഷം ഈ കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

ചീഫ് ടൗൺ പ്ലാനറുടെ അനുമതി

109 (1483) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ചീഫ് ടൗൺ പ്ലാനറുടെ അനുമതി ആവശ്യപ്പെടുന്നത് എത്ര സ്ക്വയർ മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്കാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അനുമതി ലഭ്യമാക്കുന്നതിന് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നഗരസഭാ പ്രദേശങ്ങളിലും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും 150 എണ്ണത്തിൽ കൂടുതൽ വാസഗൃഹങ്ങൾ (dwelling units) ഉൾപ്പെടുന്ന ഗ്രൂപ്പ്-A1 റസിഡൻഷ്യൽ ഓക്യുപ്പെൻസിയിൽപെടുന്ന അപ്പാർട്ടുമെന്റുകൾക്കും 2000 ചതുരശ്രമീറ്റർ ഫ്ലോർ ഏരിയ അധികരിക്കുന്ന ഗ്രൂപ്പ്-C മെഡിക്കൽ/ഹോസ്പിറ്റൽ ഓക്യുപെൻസിയിൽപ്പെട്ട കെട്ടിടങ്ങൾ, ഗ്രൂപ്പ്-B എഡ്യുക്കേഷണൽ ഓക്യുപെൻസിയിൽ ഉൾപ്പെടുന്ന പ്രൊഫഷണൽ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷനുകൾ, എന്നിവയ്ക്കും 10000 ചതുരശ്രമീറ്റർ ഫ്ലോർ ഏരിയ അധികരിക്കുന്ന ഗ്രൂപ്പ്-A2 സ്പെഷ്യൽ റസിഡൻഷ്യൽ/ലോഡ്ജിംഗ് ഹൗസസ് ഓക്യുപെൻസിയിൽപ്പെടുന്ന കെട്ടിടങ്ങൾ, ഗ്രൂപ്പ്-B എഡ്യുക്കേഷൻ ഓക്യുപെൻസിയിൽ പെടുന്ന ഇതര കെട്ടിടങ്ങൾ, ഗ്രൂപ്പ്-E ഓഫീസ്/ബിസിനസ് ഓക്യുപെൻസിയിൽപെടുന്ന കെട്ടിടങ്ങൾ, ഗ്രൂപ്പ്-F കമേഴ്സ്യൽ/മെർക്കന്റൈൽ ഓക്യുപെൻസിയിൽ പെടുന്ന കെട്ടിടങ്ങൾ എന്നിവയ്ക്കും 1000